ചികിത്സാ സഹായ പദ്ധതികൾ

6 (T*216) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തരം ചികിത്സാ സഹായ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകളിൻ കീഴിൽ പ്രവർത്തിക്കുന്ന ഈ പദ്ധതികളെ സമഗ്രമായി സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ആസൂത്രണ ബോർഡിന്റെ ആരോഗ്യ മേഖലാ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) 13 തരം ചികിത്സാസഹായ പദ്ധതികൾ നിലവിലുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(സി) ഉണ്ട്. പ്രധാന ശിപാർശകൾ താഴെപ്പറയുന്നവയാണ് :

1. പ്രാഥമികാരോഗ്യ മേഖല ശക്തിപ്പെടുത്തുക.
2. ചികിത്സാചെലവ് കുറയ്ക്കാനായി വിവിധ ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരിക.
3. സർക്കാർ ആശുപത്രികളിലെ സേവനങ്ങൾ ശക്തിപ്പെടുത്തുക.
4. പ്രാഥമിക, ദ്വിതീയ, തൃതീയ ചികിത്സാ മേഖലകളിൽ മരുന്നുലഭ്യതയും ലബോറട്ടറി സൗകര്യങ്ങളും ശക്തിപ്പെടുത്തുക.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. പകർച്ചവ്യാധി രോഗങ്ങളും ജീവിതശൈലി രോഗങ്ങളും നിയന്ത്രിക്കാനും ചികിത്സിക്കാനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

6. ആരോഗ്യരംഗത്തെ മനുഷ്യവിഭവശേഷി വികസനം നടപ്പിലാക്കുക.

7. ആരോഗ്യ സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

8. വയോജന ആരോഗ്യ പരിപാടികളും അംഗപരിമിതർക്കുള്ള ആരോഗ്യ സേവനങ്ങളും നടപ്പിലാക്കുക.

9. തെളിവുകളെ അടിസ്ഥാനമാക്കിയുള്ള നയപരമായ തീരുമാനങ്ങൾ ആരോഗ്യരംഗത്ത് നടപ്പിലാക്കുക.

ആശുപത്രി വ്യവസായബന്ധ സമിതി

7 (*217) ശ്രീ. സാജു പോൾ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രി വ്യവസായബന്ധ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സമിതിയുടെ ഘടന അറിയിക്കാമോ ;

(സി) സമിതിയുടെ പ്രവർത്തനഫലമായി ഏതൊക്കെ കാറ്റഗറി ജീവനക്കാരുടെ വേതന കാര്യത്തിൽ കരാറിലെത്താൻ കഴിഞ്ഞു ;

(ഡി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനു കഴിയാതെപോയതിന്റെ കാരണം പരിശോധിച്ചിരുന്നോ ; വ്യക്തമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly